STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.481/PR/SPMC/PHQ/2026 Date:12.10.2026

## പത്രക്കുറിപ്പ്

## ദേശീയ ഏകതാ ദിനാഘോഷം: 'ലഹരിക്കെതിരെ പോരാടുക' സന്ദേശവുമായി പോലീസിന്റെ മോട്ടോർസൈക്കിൾ റാലി

ഈ വർഷത്തെ ദേശീയ ഏകതാ ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന മോട്ടോർസൈക്കിൾ റാലിയിൽ കേരള പോലീസും പങ്കെടുക്കും.

ഒക്ടോബർ 31നാണ് രാജ്യത്തുടനീളം ദേശീയ ഏകതാ ദിനം (രാഷ്ട്രീയ ഏകതാ ദിവസ്) ആഘോഷിക്കുന്നത്. 'ലഹരിക്കെതിരെ പോരാടുക' (FIGHT AGAINST DRUGS) എന്ന സന്ദേശത്തെ ആസ്പദമാക്കി രാജ്യത്തുടനീളമുള്ള യുവാക്കളെ ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനാണ് റാലി സംഘടിപ്പിക്കുന്നത്.

കേരള പോലീസ് ടീമംഗങ്ങൾ പങ്കെടുക്കുന്ന റാലിയുടെ ഫ്ളാഗ് ഓഫ് നാളെ (ഒക്ടോബർ 13 ) മൂന്ന് മണിയ്ക്ക് തൈക്കാട് പോലീസ് ട്രെയിനിംഗ് കോളജിൽ ആഭ്യന്തരവകുപ്പ് മന്ത്രി നിർവ്വഹിക്കും.

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ഉപപ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയുമായിരുന്ന 'ഇന്ത്യയുടെ ഉരുക്ക് മനുഷ്യൻ' സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ ജന്മവാർഷിക ദിനത്തോടനുബന്ധിച്ചാണ് മോട്ടോർസൈക്കിൾ റാലി സംഘടിപ്പിക്കുന്നത്. നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് രാജ്യത്തെ ഒന്നിച്ചുചേർത്ത അദ്ദേഹത്തിന്റെ മഹത്തായ സംഭാവനകളെ ആദരിക്കുന്നതിനൊപ്പം, ലഹരിമുക്ത ഭാരതം എന്ന സന്ദേശം രാജ്യത്തുടനീളമുള്ള യുവാക്കളിലേക്ക് എത്തിക്കുകയുമാണ് ഈ റാലിയുടെ പ്രധാന ലക്ഷ്യം.

നോർത്ത് സോൺ, സെൻട്രൽ സോൺ, സൗത്ത് സോൺ, നോർത്ത് ഈസ്റ്റ് സോൺ എന്നിങ്ങനെ നാല് സോണുകളായി തിരിച്ചാണ് റാലി സംഘടിപ്പിക്കന്നത്.

വിവിധ സംസ്ഥാന പോലീസ് സേനകൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, കേന്ദ്ര സായുധ പോലീസ് സേനകൾ (CAPF), മറ്റ് കേന്ദ്ര പോലീസ് സംഘടനകൾ (CPO) എന്നിവരുടെ ടീമുകൾ അതത് സംസ്ഥാന തലസ്ഥാനങ്ങളിൽ നിന്നും ആസ്ഥാനങ്ങളിൽ നിന്നും യാത്ര ആരംഭിക്കും. ഓരോ ടീമിലും റോയൽ എൻഫീൽഡ് (350 ബുള്ളറ്റ് / ക്ലാസിക്) മോട്ടോർസൈക്കിളുകളിൽ 5 റൈഡർമാർ വീതം ഉണ്ടായിരിക്കും.

എല്ലാ സോണുകളിൽ നിന്നുമുള്ള റാലി ടീമുകൾ 2026 ഒക്ടോബർ 26, 27 തീയതികളിലായി ഗുജറാത്തിലെ ഏകതാ നഗറിൽ സംഗമിക്കും. ഒക്ടോബർ 29ന് നടക്കുന്ന ഫുൾ ഡ്രസ്സ് റിഹേഴ്സലിന് ശേഷം, ഒക്ടോബർ 31ന് നടക്കുന്ന പ്രധാന ദേശീയ ഏകതാ ദിന പരേഡിലെ പ്രത്യേക റൈഡ് പാസ്റ്റിൽ (Ride Past) എല്ലാ റൈഡർമാരും പങ്കെടുക്കും.

റാലി കടന്നുപോകുന്ന വഴികളിൽ പ്രാദേശിക പോലീസിൻറെ സഹകരണത്തോടെ കോളേജ്/യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ, എൻ.സി.സി, എൻ.എസ്.എസ് കേഡറ്റുകൾ, യുവാക്കൾ, പൊതുജനങ്ങൾ എന്നിവരുമായി ആശയവിനിമയം നടത്തുകയും ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യും.

ഈ ദേശീയ പരിപാടിയുടെ ഏകോപന ചുമതല വഹിക്കുന്നത് സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ് (സി.ആർ.പി.എഫ്) ആണ്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെൻ്റർ

*******************************************